## മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകാൻ പദ്ധതി

**19 (*19)** ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കുന്നതിനുവേണ്ടി 50% കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 1991-92 വർഷം മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,201 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമാണ്. ടി കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രത്യേക ഊന്നൽ നൽകിയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതിവഴി സർക്കാർ ലക്ഷ്യമാക്കുന്നത്.



LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷംതന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചുനൽകുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ നവീകരിക്കാൻ പദ്ധതി

20 (*20) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉടമസ്ഥതയിലുള്ള തിയേറ്ററുകൾ നവീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് നവീകരിച്ച തീയേറ്ററുകളിലൂടെ സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സിനിമാ ആസ്വാദനം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശലക്ഷ്യം. സിനിമ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആയതിനാൽ ചെറിയ ബജറ്റിലുള്ള സിനിമകൾക്കും പ്രേക്ഷകശ്രദ്ധ ലഭിക്കുവാൻ തീയേറ്ററുകളുടെ നവീകരണംകൊണ്ട് സാധിക്കുന്നുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള തീയേറ്ററുകൾ നവീകരിക്കുന്നതിനായി ആവശ്യമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് അനുവദിച്ചു നൽകിയിട്ടുമുണ്ട്. കൂടാതെ തീയേറ്റർ നിർമ്മിക്കുന്നതിനായും തീയേറ്ററുകളുടെ നവീകരണത്തിനുമായി പലിശരഹിത വായ്പയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly